# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 7029 13.07.2012-ൽ മറുപടിയ്ക്ക്

## കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പ്രീ മെട്രിക് ഹോസ്റ്റലുകൾ

**ചോദ്യം**
ശ്രീമതി. പി. അയിഷാ പോറ്റി:

**ഉത്തരം**
ശ്രീ. എ. പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള എട്ട് പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകൾ ഏതെല്ലാമാണ്; | എ | കൊട്ടാരക്കര നിയോജക മണ്ഡല ത്തിന്റെ പരിധിയിലുള്ള എഴുകോൺ പഞ്ചായത്തിൽ എഴുകോൺ പ്രീ മെട്രിക് ഹോസ്റ്റൽ (ആൺ) പ്രവർത്തിച്ചു വരുന്നു. |
| ബി | കുളക്കട എം.ആർ.ഐ.റ്റി.സിയുടെ നവീകരണത്തിന് ഈ സർക്കാർ അധികാരമേറ്റശേഷം ധനസഹായം നൽകിയിട്ടുണ്ടോ; | ബി | ഉണ്ട് |
| സി | ഉണ്ടെങ്കിൽ പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടത്തിയത്; | സി | കുളക്കട ഐ.റ്റി.ഐ യിലും, കുളക്കട ജംഗ്ഷനിലും 14500/- രൂപ ചെലവഴിച്ച് ഐ.റ്റി.ഐ.യുടെ നെയിം ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഫർണീച്ചറുകൾക്കായി 19,406/- രൂപ ചെലവാക്കിയിട്ടുണ്ട്. ഇലക്ട്രീഷൻ ട്രേഡിൽ ട്രെയിനികളുടെ പരിശീലന ആവശ്യത്തിനായി പഠനോപകരണങ്ങൾ വാങ്ങുന്നതിനായി 25,296/- രൂപയും അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനായി 11500/- രൂപയും ചെലവാക്കി |

| | | | |
|---|---|---|---|
| | | | യിട്ടുണ്ട്. 2012 ജൂലൈ മാസത്തിലെ ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റിന് പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനായി 12500/- രൂപ അനുവദിച്ചിട്ടുണ്ട്. ട്രെയിനിംഗ് ആവശ്യത്തിനുള്ള ഇലക്ട്രിക് അറ്റകുറ്റപ്പണികൾക്കും അസംസ്കൃത സാധനങ്ങൾ വാങ്ങിയതിനും കൂടി 10367/- രൂപ ചെലവഴിച്ചു. കൂടാതെ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികളുടെ ഭാഗമായി മീറ്റർ ഷിഫ്റ്റ് ചെയ്യുന്നതിനും, അനുബന്ധ ചെലവുകൾക്കുമായി 33500/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| ഡി | കൊട്ടാരക്കര മണ്ഡലത്തിലെ പ്രീ മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | ഡി | പദ്ധതി സമർപ്പിച്ചിട്ടില്ല. |

Babu K J

**സെക്ഷൻ ഓഫീസർ**